17. ബൈപ്പാസിന്റെയും പാലത്തിന്റെയും നിർമ്മാണം

ശ്രീ. മാത്യു റ്റി. തോമസ് : സർ, തിരുവല്ല ബൈപ്പാസിന്റെയും പന്നിക്കുഴി പാലത്തിന്റെയും പണികൾ വൈകുന്ന പ്രശ്നം ഉന്നയിക്കാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എം.സി. റോഡിലൂടെയുള്ള യാത്രയ്ക്ക് തടസ്സമായി നിൽക്കുന്നത് തിരുവല്ല ബൈപ്പാസിന്റെ പണി സ്തംഭിച്ചുനിൽക്കുന്നതും പന്നിക്കുഴി പാലവുമാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബൈപ്പാസിന്റെ പണികൾക്കുള്ള തറക്കല്ല് ഇടുകയുണ്ടായി. പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായതുകൊണ്ട് ബൈപ്പാസ് കൊണ്ടുവന്നതിന് ധാരാളം അവകാശികളുണ്ടായി. അതിന്റെ രാഷ്ട്രീയത്തിലേക്ക് ഞാൻ കടക്കുന്നില്ല. പണി തടസ്സപ്പെട്ടപ്പോൾ കുറ്റവാളി എം.എൽ.എ. ആണ്. തറക്കല്ലിടുന്ന സമയത്ത് തങ്ങൾ കൊണ്ടുവന്നതാണെന്ന് വലിയ വാശിയോടെ പ്രസംഗിച്ചെങ്കിലും പിന്നീട് പണി തടസ്സപ്പെട്ടപ്പോൾ കുഴപ്പക്കാരൻ എം.എൽ.എ. ആവുകയാണ്. 2013-ൽ ഏറ്റെടുത്ത്, കെ.എസ്.ടി.പി.-യുടെ കൈവശം വന്ന ഭൂമിക്ക് 2014-ലെ പുതിയ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭൂമി ഏറ്റെടുത്തതിന്റെ നോട്ടിഫിക്കേഷനുൾപ്പെടെ ക്യാൻസൽ ചെയ്യാനാണ് കേസ് വന്നിരിക്കുന്നത്. അതിനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഉത്തരവ് നൽകിയിരിക്കുന്നത്. ഭൂമിയുടെ വില നിശ്ചയിച്ചത് കോടതിയിൽ കെട്ടിവയ്ക്കാതിരുന്ന ഒരു അനാസ്ഥ കൂടി വന്നിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനുള്ള അടിയന്തര നടപടികളുണ്ടാകണം. നിയമവ്യവസ്ഥയിൽ ഭൂമി ഏറ്റെടുത്തതിനുശേഷം നിയമമുപയോഗിച്ച് പണികൾ തടസ്സപ്പെടുത്തുന്ന സ്റ്റേ ഒഴിവാക്കിക്കിട്ടാൻ ഉടനടി നടപടി സ്വീകരിക്കണം. അതുപോലെ കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽപ്പെടുത്തിയാണ് പന്നിക്കുഴി പാലം നിർമ്മിക്കുന്നത്. കെ.എസ്.ടി.പി. രണ്ടാംഘട്ടം പണി ഏറ്റെടുത്ത കരാറുകാരൻ പണി നടത്താത്തതുകൊണ്ട് റീ-ടെണ്ടറിലേക്ക് പോയിരിക്കുന്നു. ഈ പണി വൈകുന്നതുകാരണം എം.സി. റോഡിൽ വലിയ തടസ്സമുണ്ടാകുന്നു. അതുകൊണ്ട്, പന്നിക്കുഴി പാലത്തിന്റെ പണി വൈകുന്നത് പരിഗണിച്ച്, ഗതാഗതക്കുരുക്ക് ഉണ്ടാകുന്ന സമയത്ത് വാഹനങ്ങൾ തിരിച്ചുവിടാൻ പൈപ്പും മണ്ണുമിട്ട് സമാന്തരമായി ഒരു ഇടവഴി നിർമ്മിക്കണം. അല്ലാത്തപക്ഷം പന്നിക്കുഴി പാലത്തിന്റെ പണി പ്രത്യേകമായി പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ചെയ്യിക്കുന്നതിന് ആസ്തിവികസന ഫണ്ടിന്റെ മുഴുവൻ തുകയും ഏൽപ്പിക്കാം. അത്രയ്ക്ക് ബുദ്ധിമുട്ടനുഭവപ്പെടുകയാണ്. ഈ രണ്ട് പ്രശ്നങ്ങളിലും സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിലെ പാക്കേജ് 4-ൽ ഉൾപ്പെട്ട ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡിലാണ് പന്നിക്കുഴി പാലം സ്ഥിതി ചെയ്യുന്നത്. ഈ റോഡിന്റെ നിർമ്മാണത്തിനായുള്ള 245 കോടി രൂപയുടെ കരാർ 30-11-2013-ൽ നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ഈ പ്രവൃത്തി റീ-ടെണ്ടർ ചെയ്തു. റീ-ടെണ്ടർ ചെയ്തതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്രയും പെട്ടെന്ന് കരാർ ഉറപ്പിച്ച് പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതാണ്. പന്നിക്കുഴി പാലത്തിന് 2 കോടി 13 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. അതേസമയം അങ്ങയുടെ നിയോജകമണ്ഡലത്തിലൂടെ 245 കോടി രൂപയുടെ പദ്ധതിയാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. നഷ്ടപ്പെട്ടുവെന്ന് കരുതിയ പദ്ധതിയാണ് കെ.എസ്.ടി.പി. രണ്ടാംഘട്ടം പദ്ധതി. 31.8 കോടി രൂപയ്ക്കുള്ള തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച താണെങ്കിലും അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, ഒരു ഭൂവുടമ ചെന്നൈ നാഷണൽ ഗ്രീൻ ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസ്സിൽ സ്റ്റാറ്റസ്കോ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി, ജി.ഒ. ഇറക്കി ഗ്രീൻ ട്രിബ്യൂണലിൽ കേസ് അഡ്വാൻസായി 15-ാം തീയതി എടുപ്പിച്ചിരിക്കുകയാണ്. ഇനി അതിന്മേൽ ഒരു കുഴപ്പവുമില്ലാത്ത നിലയിലായി കിട്ടാൻ അങ്ങയുടെ ഗുഡ്ഓഫീസ് ഉപയോഗിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ, 5 ഭൂവുടമകൾ ഹൈക്കോടതിയിൽ നൽകിയിട്ടുള്ള പെറ്റീഷൻ, നെഗോഷ്യേറ്റഡ് പർച്ചേസ് നടത്താനുള്ള ശ്രമത്തിലാണ്. പരാതിക്കാർ ആ സ്ഥിതിയിൽ നിന്നാലും ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനത്തെ ബാധിക്കില്ല. ഗ്രീൻ ട്രിബ്യൂണലിന്റെ സ്റ്റേ വെക്കേറ്റ് ചെയ്താൽ പണി ഉടൻ ആരംഭിക്കാം.

18. പാലങ്ങളുടെ നിർമ്മാണം

ശ്രീ. തോമസ് ചാണ്ടി : സർ, 44 നദികളാണ് കേരളത്തിൽ തലങ്ങും വിലങ്ങും ഒഴുകുന്നത്. എക്സ്പ്രസ് ഹൈവേ വന്നാൽ കേരളം രണ്ടായി പോകുമെന്ന് പറഞ്ഞ ആളുകൾ അപ്പുറത്തും ഇപ്പുറത്തുമുണ്ട്. 44 നദികളുള്ള ഈ നാട്ടിലെ 5 നദികൾ ഒഴുകുന്നത് കുട്ടനാട്ടിലൂടെയാണ്. അതുകൊണ്ട് കുട്ടനാട്ടുകാർ രണ്ടല്ല, പത്തിരുപത്തിയഞ്ച് കക്ഷണങ്ങളായി ചിതറി കിടക്കുകയാണ്. പാലം വരുമെന്ന് കേട്ടാൽ, ഒരു സൈക്കിളോ മോട്ടോർ സൈക്കിളോ എങ്കിലും നമ്മുടെ നാട്ടിൽ വരുമെന്നുകരുതി സന്തോഷിക്കുന്ന കർഷകരും കർഷകത്തൊഴിലാളികളും ധാരാളമുള്ള സ്ഥലത്തിന്റെ പ്രതിനിധിയാണ് ഞാൻ. പാലങ്ങൾ അനുവദിക്കുന്നുണ്ട്. പക്ഷേ രണ്ടുമൂന്ന് കൊല്ലം കഴിഞ്ഞാലും അതിന്റെ ഒരു പ്രവർത്തനവും തുടങ്ങാൻ കഴിയുന്നില്ല. ഇവിടെ 2012-ൽ സ.ഉ.(സ്വാധ)305/12 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായതും. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുമായ കൈനകരി-മുണ്ടയ്ക്കൽ പാലത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് രണ്ടുകൊല്ലമായിട്ടും നാളിതുവരെ കഴിഞ്ഞിട്ടില്ല. അതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച, 2014-ൽ വീണ്ടും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ മുട്ടേൽ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇതുവരെ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ. കെ. എം മാണി അനുവദിച്ചുതന്നതും ഈ വർഷം വീണ്ടും ധനകാര്യവകുപ്പ് ആവശ്യപ്പെട്ടതുമായ ജിമംഗലം പാലം, തയ്ച്ചേരി പാലം എന്നീ പാലങ്ങളുടെ എസ്റ്റിമേറ്റ് നാളിതുവരെ ധനകാര്യവകുപ്പിൽ എത്തിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞിട്ടില്ല. ഇത്രയും നെല്ലുൽപ്പാദിപ്പിക്കുന്ന ദേശത്ത് ഈ പാലങ്ങൾ ഉണ്ടായാൽ നെല്ലെടുക്കാൻ ലോറി ചെല്ലും. അതുകൊണ്ട് ദൈവത്തെ ഓർത്ത്, പാലങ്ങളുടെ നിർമ്മാണത്തിന് അങ്ങ് അടിയന്തര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.